1Km

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയിരിക്കേ മരണമടഞ്ഞ ശ്രീമതി കുമാരി എം. ന്റെ മകനും ആശ്രിതനുമായ ശ്രീ. രജീഷ് ആർ.കെ. - ആശ്രിത നിയമന പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(കൈ) നം.104/2026/LSGD തീയതി,തിരുവനന്തപുരം, 07-07-2026

---

പരാമർശങ്ങൾ:- 1. 24.05.1999. ലെ സ.ഉ (പി) നം. 12/99/ഉ.ഭ.പ.വ.

2. 21.02.2018 — ലെ സ.ഉ(കൈ) നം. 5/2018/ഉ.ഭ.പ.വ.
3. 28.04.2018-ലെ സ.ഉ(പി)നം.7/2018/ഉ.ഭ.പ.വ.
4. 14.07.2023-ലെ സ.ഉ(പി)നം.12/2023/ഉ.ഭ.പ.വ.
5. ശ്രീ. രജീഷ് ആർ.കെ യുടെ 15.03.2024 ലെ അപേക്ഷ.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 25.02.2025, 15.03.2026 തീയതികളിലെ LSGD/PD/3276/2025-DEF1 നമ്പർ കത്ത്.
7. ശ്രീ. രജീഷ് ആർ.കെ യുടെ 14.03.2025 ലെ കത്ത്.
8. 09/11/2025-ലെ സ.ഉ.(അ) 15/2025/പി.&എ.ആർ.ഡി.
9. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 25.08.2025 ലെ DCTVM/6761/2025-S6 നം കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയിരിക്കേ മരണമടഞ്ഞ കുമാരി എം. ന്റെ മകനും ആശ്രിതനുമായ ശ്രീ. രജീഷ് ആർ.കെ. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സർക്കാർ സർവ്വീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ നിയമനം ലഭിക്കുന്നതിനായി അനുബന്ധരേഖകൾ ഉൾപ്പെടെ സമർപ്പിച്ച പരാമർശം (5) അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം (6) ലെ 25.02.2025 ലെ കത്ത് പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ ശ്രീ.രജീഷിന് അപേക്ഷിക്കുന്ന സമയത്ത് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനത്തിന് പരിഗണിക്കുന്നതിനുള്ള പ്രായപരിധി കഴിഞ്ഞതിനാൽ പാർട്ട് ടൈം തസ്തികയിൽ നിയമനത്തിനായി ടിയാൾ പരാമർശം (7) പ്രകാരം സമ്മതമറിയിച്ചുള്ളത് പരിഗണിച്ച് പാർട്ട് ടൈം തസ്തികയിലെ നിയമനത്തിന് പ്രായപരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ശ്രീ. രജീഷ് ആർ. കെ. യുടെ അപേക്ഷയിന്മേൽ പരാമർശം (9) പ്രകാരം

തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പാർട്ട് സമർപ്പിച്ചിട്ടുണ്ട്.

2. തിരുവനന്തപുരം ജില്ലയിലെ പുളിമാത്ത് ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയിരിക്കെ 16.11.2023 ൽ മരണമടഞ്ഞ കുമാരി എം. ന് 22 വർഷം 04 മാസം 27 ദിവസത്തെ സേവനകാലമുണ്ടായിരുന്നെന്നും, ടിയാളുടെ മകനും ആശ്രിതനും അപേക്ഷകനുമായ ശ്രീ ശ്രീ. രജീഷ് ആർ.കെ ക്ക് 43 വയസ്സുണ്ടെന്നും (ജനനതീയതി 25.05.1983), ടിയാൻ SSLC പരീക്ഷ വിജയിച്ചിട്ടില്ല എന്നും, ടിയാന്റെ കുടുംബ വാർഷിക വരുമാനം 4,70,715/- രൂപയാണെന്നും, അപേക്ഷകനും മരണപ്പെട്ട ജീവനക്കാരിയുടെ ഭർത്താവും രണ്ട് പെൺമക്കളും പരേതയുടെ നിയമാനുസൃത അവകാശികളാണ് എന്നും, മരണപ്പെട്ട ജീവനക്കാരിയുടെ ആശ്രിതരിൽ ആരും തന്നെ ഈ പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ജോലി സ്വീകരിക്കുകയോ ചെയ്തിട്ടില്ലാ എന്നും, അപേക്ഷകന് ജോലി നൽകുന്നതിന് സമ്മതമാണെന്ന് കാണിച്ച് അനന്തരവകാശസാക്ഷ്യപത്രത്തിലുൾപ്പെട്ട മറ്റെല്ലാ അവകാശികളും സമ്മതപത്രം നൽകിയിട്ടുണ്ടെന്നും ആശ്രിതനിയമനത്തിന് നിഷ്കർഷിച്ചിരിക്കുന്ന നിലവിലെ വ്യവസ്ഥകളെല്ലാം പാലിക്കുന്നതിനാൽ പരാമർശം (1) ലെ നിബന്ധനകൾ പ്രകാരം അപേക്ഷകനു ജോലി ലഭിക്കുന്നതിന് അർഹതയുള്ളതായി തിരുവനന്തപുരം ജില്ലാകളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടേയും, തിരുവനന്തപുരം ജില്ലാകളക്ടറുടേയും ശിപാർശകൾ പരിഗണിച്ച്, തിരുവനന്തപുരം ജില്ലയിലെ പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയിരിക്കേ 16/11/2023-ൽ മരണമടഞ്ഞ കുമാരി എം. ന്റെ മകനും ആശ്രിതനുമായ ശ്രീ. രജീഷ് ആർ.കെ. (പച്ചക്കാട്ടിൽ വീട്, പേടികുളം, പുളിമാത്ത് പി. ഒ. തിരുവനന്തപുരം-695612) ക്ക് ആശ്രിത നിയമന പദ്ധതി വ്യവസ്ഥ ചെയ്യുന്ന നിലവിലുള്ള മറ്റ് സർക്കാർ ഉത്തരവുകളിലേയും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും ചുവടെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായി തദ്ദേശസ്വയംഭരണ വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ആശ്രിത നിയമനത്തിനായി മാറ്റിവെച്ച നിയമാനുസൃതമുള്ള ഒഴിവിൽ തിരുവനന്തപുരം ജില്ലയിൽ തന്നെ കഴിവതും, ടിയാൻ അപേക്ഷ സമർപ്പിച്ച 15/03/2024 തീയതി വാലിഡ് ആപ്ലിക്കേഷൻ തീയതിയായി പരിഗണിച്ച് നിയമനം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

1. അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പ്രിൻസിപ്പൽ ഡയറക്ടർ നടത്തേണ്ടതാണ്.

2. സാധുവായ അപേക്ഷാതീയതിയെ അടിസ്ഥാനമാക്കി അപേക്ഷകന്റെ സീനിയോറിറ്റി വകുപ്പ് ഡയറക്ടർ കണക്കാക്കേണ്ടതാണ്.

3. ടിയാന്റെ സേവനം ക്രമീകരിക്കുന്നതിന് മുമ്പ് പോലീസ് വേരിഫിക്കേഷൻ റിപ്പോർട്ട്, പൂർവ്വകാല ചരിത്രം, ചട്ട പ്രകാരം നിശ്ചയിച്ചിട്ടുള്ള മറ്റ് നിബന്ധനകൾ എന്നിവ നിയമനാധികാരി പരിശോധിച്ച് തൃപ്തികരമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

4. മരണമടഞ്ഞ സർക്കാർ ജീവനക്കാരന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തേണ്ടതും ആയത് വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

5. ആശ്രിതരെ സംരക്ഷിക്കുന്ന സംരക്ഷണമൊഴി പാലിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (2) ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നടപടിക്രമങ്ങൾ നിയമനാധികാരി സ്വീകരിക്കേണ്ടതാണ്.

6. പരാമർശം (2) ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം പ്രതിമാസ അടിസ്ഥാന ശംബളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനു പരാമർശം (4) പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

7. അപേക്ഷകൻ സമർപ്പിച്ച വിവരങ്ങൾ തെറ്റാണെന്നോ യഥാർത്ഥ വിവരം മറച്ചു വച്ചുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുന്ന പക്ഷം മേൽ പ്രകാരം ആശ്രിത നിയമനം സർക്കാർ റദ്ദ് ചെയ്യുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.കെ അനിൽ ജോയ്
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. രജീഷ് ആർ.കെ. (പച്ചക്കാട്ടിൽ വീട്, പേടികുളം, പുളിമാത്ത് പി. ഒ, തിരുവനന്തപുരം -695612) (രജിസ്റ്റേഡ് തപാൽ മുഖാന്തിരം).
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം (എല്ലാ രേഖകളും ഉൾപ്പെടെ).
ജോയിന്റ് ഡയറക്ടർ, തിരുവനന്തപുരം (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം).
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, പുളിമാത്ത് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (ഫയൽ നം. EPA3/139/2025/LSGD).

ഉത്തരവിൻ പ്രകാരം

Signed by
Noushad. S
സെക്ഷൻ ഓഫീസർ
Date: 07-07-2026 17:06:08